**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5047** **01-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ റീസർവ്വെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ ഏതൊക്കെ വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ മധൂർ, പട്ടള, ഷിരിബാഗിലു, പുത്തൂർ, കുഡ്‌ലു, ഉദ്മ, കോട്ടികുളം, പള്ളിക്കര, കീക്കാൻ, ചിത്താരി, അജാനൂർ, ഹോസ്ദുർഗ്ഗ്, ചെറുവത്തൂർ, തുരുത്തി, മാണിയാട്ട്, പിലിക്കോട്, കണ്ണൂരു, കോയിപ്പാടി, ഇച്ചിലംപാടി, മൊഗ്രാൽ, ഉപ്പള, കൊടിബയൽ, മംഗൽപാടി, മുളിഞ്ച എന്നീ വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ഇനിയും റീസർവ്വെ നടപടികൾ തുടങ്ങാത്ത എത്ര വില്ലേജുകൾ ഉണ്ടെന്നും ഈ വില്ലേജുകളിലെ സർവ്വെ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ ആകെയുള്ള 129 വില്ലേജുകളിൽ 102 വില്ലേജുകളിൽ റീസർവ്വെ നടപടികൾ ആരംഭിച്ചിട്ടില്ല. സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റൽ രീതിയിൽ റീസർവ്വെ പൂർത്തീകരിച്ച 89 വില്ലേജുകളും, നിലവിൽ ഡിജിറ്റൽ രീതിയിൽ സർവെ ചെയ്യുന്ന 27 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവെ സാങ്കേതിക വിദ്യകളായ Continuously Operating Reference Station (CORS), Real-time kinematic positioning (RTK), Drone, ETS എന്നീ ഉപകരണങ്ങളുടെ സഹായത്താൽ ഡിജിറ്റൽ സർവ്വെ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്ട് സർവ്വെയർമാരുടെയും സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിയ്ക്കാവശ്യമായ തുക Rebuild Kerala Initiative (RKI)ൽ നിന്ന് ലഭ്യമായിട്ടുള്ളതുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കാസർഗോഡ് ജില്ലയിലെ ശേഷിക്കുന്ന വില്ലേജുകൾക്ക് മുൻഗണന നൽകി റീസർവ്വെ ജോലികൾ കൂടുതൽ കൃത്യതയോടും സമയബന്ധിതമായും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ